LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ ക്ഷേമത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക

131 [1110] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002, 2002-2003, 2003-2004 എന്നീ സാമ്പത്തിക വർഷങ്ങളിൽ പട്ടികവർഗ്ഗ ക്ഷേമത്തിനായി ബഡ്ജറ്റിൽ ഏതെല്ലാം ഇനത്തിന് എന്തു തുക വീതം വകയിരുത്തിയിട്ടുണ്ട്;

(ബി) ത്രിതല പഞ്ചായത്തുകൾക്ക് മൊത്തം എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും പിന്നീട് തിരിച്ച് പിടിച്ച തുക എത്രയെന്നു വ്യക്തമാക്കാമോ;

(സി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ ടി.എസ്.പി. ഫണ്ടിൽ നിന്നും ടി. പി. അക്കൗണ്ട്, എസ്.ബി അക്കൗണ്ട്, ഡിമാന്റ് ഡ്രാഫ്റ്റ്, ക്യാഷ് എന്നീ ഇനങ്ങളിലായി തനത് വർഷം മാർച്ച് 31-ന് എന്ത് തുക ബാക്കിയുണ്ടായിരുന്നു?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു വരുന്നു.

ആദിവാസി കുടുംബങ്ങൾക്ക് സർക്കാർ നൽകിയ ഭൂമി

132 [1111] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം എത്ര ആദിവാസി കുടുംബങ്ങൾക്ക് സ്വന്തമായി വസ്തുവും വീടും നൽകിയിട്ടുണ്ട്;

(ബി) ഓരോ കുടുംബത്തിനും എത്ര സെന്റ് ഭൂമി വീതമാണ് നൽകിയിട്ടുള്ളത്; വീട് വയ്ക്കുന്നതിന് എന്തെല്ലാം ധനസഹായമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2,245 കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്. ഇതിൽ 1167 കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് 75,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

(ബി) ഓരോ കുടുംബത്തിനും നൽകിയ ഭൂമിയുടെ കണക്ക് അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.† ഓരോ കുടുംബത്തിനും ഭൂമി ലഭിച്ച ഉടനെ താമസിക്കുവാനായി കുടിൽ കെട്ടുന്നതിന് 3000 രൂപ വീതവും, വീട് നിർമ്മിക്കുന്നതിന് 75000 രൂപ വീതവുമാണ് അനുവദിക്കുന്നത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.